**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 264** **28/05/2019-ൽ മറുപടിക്ക്**

# പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** സർക്കാർ മുൻകൈ എടുത്ത് നല്ല രീതിയിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തിവരുന്നത് കൂടാതെ പകർച്ചവ്യാധികളടക്കമുള്ള മഴക്കാല രോഗങ്ങളെ പ്രതിരോധിയ്ക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ എന്തെല്ലാമാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;<br><br>**ബി)** ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ? | **എ) യും ബി) യും** | ആരോഗ്യവകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി മഴക്കാലപൂർവ്വശുചീകരണം നടത്തുന്നതിന് പുറമേ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് "ആരോഗ്യജാഗ്രത-2019" കർമ്മ പരിപാടിയനുസരിച്ച് വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. വാർഡ്തല ആരോഗ്യശുചിത്വ പോഷണ സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യസേനകളെ ഉപയോഗിച്ച് ഗൃഹസന്ദർശനം, കൊതുകുറവിട നശീകരണം, കുടിവെള്ളം ക്ലോറിനേഷൻ, ബോധവത്കരണം തുടങ്ങിയവ നടത്തുന്നു. ഇതിന് ഡ്രൈഡേ ആചരണവും മറ്റ് കാമ്പയിനുകളും നടപ്പിലാക്കുന്നു.<br>ഐ.ഡി.എസ്.പി, എൻ.വി.ബി.ഡി.സി.പി തുടങ്ങിയ ദേശീയ പ്രോഗ്രാമുകൾ വഴി രോഗനിരീക്ഷണവും നിയന്ത്രണവും കാര്യക്ഷമമാക്കുവാനും പകർച്ചവ്യാധികൾ സംബന്ധിച്ച ദിന/വാര/മാസാചരണങ്ങൾ നടത്തുന്നു. രോഗം പകരുന്നത് തടയാൻ വ്യക്തിഗത സുരക്ഷാ സാമഗ്രികൾ ലഭ്യമാക്കുന്നു. എലിപ്പനിക്കെതിരെ പ്രതിരോധ ചികിത്സ ലഭ്യമാക്കുന്നു.<br>സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി സംസ്ഥാനത്തുനിന്ന് മലമ്പനി, മന്തുരോഗം, കുഷ്ഠരോഗം, കാല അസർ, ക്ഷയരോഗം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യാനുതകുന്ന പ്രവർത്തനങ്ങളും കാര്യക്ഷമമായിത്തന്നെ നടന്നുവരുന്നുണ്ട്. ദിനംപ്രതി/ആഴ്ചതോറും/മാസംതോറും പകർച്ച-വ്യാധികളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ഓരോതലത്തിലും (സംസ്ഥാന/ജില്ലാ/പി.എച്ച്.സി/സി.എച്ച്.സി വാർഡ്) നടത്തി വരുന്നു. ഇപ്രകാരം പകർച്ചവ്യാധി പ്രതിരോധത്തിനായി സാധ്യമായ എല്ലാ നടപടികളും ആരോഗ്യവകുപ്പ് സമയ-ബന്ധിതമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ